<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809</u> <u>13-02-2025 - ൽ മറുപടിയ്ക്ക്</u>

<u>കോതമംഗലം ഡിപ്പോയിൽ നിന്നും വേളാങ്കണ്ണിക്ക് പുതിയ ബസ് സർവീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണിയിലേക്ക് മൂന്നാർ-ബോഡിമെട്ട്-തേനി-തിരുച്ചിറപ്പള്ളി വഴി കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുതിയ സർവീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | അയൽ സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നിലവിൽ നടത്തി വരുന്നത്. നിലവിലെ അന്തർസംസ്ഥാന കരാർ പ്രകാരം കോതമംഗലത്ത് നിന്നും മൂന്നാർ-ബോഡിമെട്ട്-തേനി-തിരുച്ചിറപ്പള്ളി വഴി വേളാങ്കണ്ണിയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, ടി റൂട്ടിൽ പുതിയ അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് സാധിക്കുകയില്ല.<br><br>കൂടാതെ ടി സർവ്വീസ് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയതിൽ, കോതമംഗലത്ത് നിന്ന് ആരംഭിച്ച്, ഹൈറേഞ്ച് മേഖലകളിലൂടെ സഞ്ചരിച്ച്, തമിഴ്നാട്ടിലൂടെ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ മതിയായ യാത്രക്കാരെ ലഭിക്കുകയില്ല എന്നും ആയതിനാൽ ടി സർവ്വീസിന് ഓപ്പറേറ്റിംഗ് ചെലവ് പോലും ലഭിക്കുവാൻ സാദ്ധ്യത ഇല്ല എന്നും കാണുന്നു. |

സെക്ഷൻ ഓഫീസർ